**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളത്തിലെ മാലിന്യ സംസ്കരണത്തിനായി 'സിയാൽ'മോഡലിൽ കേരള വേസ്റ്റ് മാനേജ്മെന്റ് കമ്പനി രൂപീകരിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈയ്യെഴുത്ത്)നം. 282/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 02/11/2012.**

---

പരാമർശം:- കേരള സർക്കാർ ബഡ്ജറ്റ് 2012-13 ലെ ഇനം നം. 126.

**ഉത്തരവ്**

2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിലും കേരള സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയിലും ബസ് ഷെൽട്ടറുകൾ, ജലവിതരണം, പൊതുകക്കൂസുകൾ, നഗര ശുചീകരണം എന്നിവയ്ക്കായി നാല് 'സിയാൽ മോഡൽ' പ്രത്യേക കമ്പനികൾ തുടങ്ങുമെന്നും അതിന് ആവശ്യമുള്ള മൂലധനമായ 40 കോടി രൂപയിൽ 10 കോടി രൂപ സർക്കാരിന്റെ 26% മൂലധന പങ്കാളിത്തത്തിനായി വകയിരുത്തുകയും ചെയ്തിരുന്നു.

2. കേരള സംസ്ഥാനത്തെ ഏറിവരുന്ന ബഹുനില കെട്ടിടങ്ങളുടെയും പാർപ്പിട ഓഫീസ് സമുച്ചയങ്ങളുടെയും മാലിന്യ ശേഖരണം, സംസ്കരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികമായി താങ്ങാവുന്നതിലേറെയാണ്. ഈ സാഹചര്യം മുൻനിർത്തി സിയാൽ മോഡലിൽ പൊതുമേഖലയിൽ ഒരു മാലിന്യശേഖരണ, സംസ്കരണ കമ്പനി തുടങ്ങാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചു.

3. മേൽ സാഹചര്യത്തിൽ കേരളത്തിലെ മാലിന്യ സംസ്കരണത്തിനായി 'സിയാൽ' മോഡലിൽ ''കേരള വേസ്റ്റ് മാനേജുമെന്റ് കമ്പനി'' എന്ന നാമധേയത്തിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് അനുമതി നൽകിയും പ്രസ്തുത കമ്പനിയിൽ കേരള ഗവർണറുടെ പ്രതിനിധിയായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി, സർക്കാർ പ്രതിനിധിയായി നഗരകാര്യ ഡയറക്ടർ എന്നിവരെ ആദ്യകമ്പനി വരിക്കാരായും ഡയറക്ടർമാരായും നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**റ്റി. ജെ. മാത്യൂ**
**സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ.ബി.എ.), കേരള, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കേരള സുസ്ഥിര നഗര വികസന പദ്ധതി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ, തിരുവനന്തപുരം

ഡയറക്ടർ, കുടംബശ്രീ, തിരുവനന്തപുരം
ജില്ലാകളക്ടർ
മേയർമാർ (തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കൊല്ലം, തൃശൂർ
കോർപ്പറേഷനുകൾ)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് ഇനം നം. 2513 പ്രകാരം
മുനിസിപ്പൽ സെക്രട്ടറി (നഗരകാര്യവകുപ്പ് മുഖാന്തിരം)
ചെയർമാൻ/പേഴ്സൻ, എല്ലാ നഗരസഭകളും (നഗരകാര്യവകുപ്പ് മുഖാന്തിരം)
സെക്രട്ടറി, എല്ലാജില്ലാപഞ്ചായത്തുകളും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനകാര്യവകുപ്പ്
ഡയറക്ടർ, ഐ & പി. ആർ. ഡി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ
(വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**